**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.4976** **27/06/2019-ൽ മറുപടിയ്ക്ക്**

## സി.ഡബ്ല്യു.ആർ.ഡി.എം. നായി ഭൂമി നൽകിയവർക്ക് ജോലി

| ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സി.ഡബ്ല്യു.ആർ.ഡി.എം.സ്ഥാപിക്കുന്നതിന് ഭൂമി നൽകിയവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ഇതുവരെ എത്രപേർക്ക് ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | 21 പേർക്ക് ജോലി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | അത്തരത്തിൽ സ്ഥലം നഷ്ടപ്പെട്ട ആലിക്കുട്ടിയുടെ മകൾ ജമീല, മോതിയുടെ മകൻ സാദിഖലി പി.എം. എന്നിവർക്ക് നാളിതുവരെ ജോലി ലഭ്യമാക്കിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | അവർക്ക് എന്നത്തേയ്ക്ക് ജോലിനൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | 27/07/1983-ലെ സർക്കാർ ഉത്തരവ് (സാധാ)നം.899/83/LBR പ്രകാരം ഭൂമി നൽകിയവർ ജീവിച്ചിരിപ്പില്ലെങ്കിലോ പ്രായപരിധി കഴിഞ്ഞാലോ ടിയാൾക്കാരുടെ താഴെപ്പറയുന്ന ബന്ധുക്കളെ പരിഗണിക്കാവുന്നതാണ്.<br>• വിധവ/വിഭാര്യൻ<br>• മകൻ<br>• മകൾ<br>• സഹോദരൻ<br>• സഹോദരി |

| | | | |
|---|---|---|---|
| | | | ശ്രീമതി ജമീല, ശ്രീ.മോതി എന്നിവർ ഭൂമി വിട്ടുനൽകിയവരുടെ ആശ്രിതരായതിനാൽ സി.ഡബ്ല്യൂ.ആർ.ഡി.എം.ൽ ജോലി നൽകുന്നതിനായി പരിഗണനാർഹരായിരുന്നു. എന്നാൽ ഇവർ നിയമനത്തിനായുള്ള പ്രായപരിധി കഴിഞ്ഞവരാണ്. ആയതിനാൽ ടിയാൾക്കാർക്ക് ജോലി നൽകുവാൻ നിർവ്വാഹമില്ല. ശ്രീ.സാദിഖ് അലി, ഭൂമി നൽകിയ വ്യക്തിയുടെ മകന്റെ (ശ്രീ.മോതി) മകൻ ആയതുകൊണ്ട് 27/07/1983-ലെ സർക്കാർ ഉത്തരവ് (സാധാ) നം.899/83/LBR പ്രകാരം ടിയാന് ജോലി നൽകുന്ന വിഷയം പരിഗണനാർഹമല്ല. കൂടാതെ, സാദിഖ് അലിയുടെ പേര് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നാമനിർദ്ദേശം ചെയ്തിട്ടുമില്ല. |
| (ഡി) | പ്രസ്തുത വ്യക്തികൾക്ക് ജോലി നൽകുന്നത് സംബന്ധിച്ച ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു |

Sd/-
സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നമ്പർ | പേര് | നിയമിതരായ തസ്തിക | നിയമിതരായ വർഷം | അഭിപ്രായം |
|---|---|---|---|---|
| 1 | ജാഫർകുട്ടി. എൻ.കെ | ഓഫീസ് അസിസ്റ്റന്റ് | 29-10-1991 | 19-07-2004 ൽ സർവീസിൽ നിന്നും പിരിച്ചു വിട്ടു |
| 2 | ബാലഗോപാലൻ വി.എം | ഓഫീസ് അസിസ്റ്റന്റ് | 30-10-1991 | നിലവിൽ സെക്ഷൻ ഓഫീസറായി ജോലി തുടരുന്നു. |
| 3 | സീനത്ത് എൻ കെ | ഓഫീസ് അസിസ്റ്റന്റ് | 31-07-2000 | നിലവിൽ സെക്ഷൻ ഓഫീസറായി ജോലി തുടരുന്നു. |
| 4 | ഹഫ്സത്ത് ലബീബ പി.എം | ഓഫീസ് അസിസ്റ്റന്റ് | 18-04-2008 | നിലവിൽ സെക്ഷൻ ഓഫീസറായി ജോലി തുടരുന്നു. |
| 5 | കോയട്ടി.സി | ടൈപ്പിസ്റ്റ് | 22-12-1994 | 30-09-2016 ൽ വിരമിച്ചു. |

KOZHIKODE

| | | | | |
|---|---|---|---|---|
| 6 | മാമുക്കോയ.എൻ | ഡ്രൈവർ | 04-10-1991 | നിലവിൽ ഡ്രൈവറായി ജോലി തുടരുന്നു. |
| 7 | ദാസൻ.എൻ | ഡ്രൈവർ | 03-10-1991 | 10-04-2019 തിയതിയിൽ സർവ്വീസിലിരിക്കെ മരണപ്പെട്ടു |
| 8 | ശിവദാസൻ.കെ | പാർട്ട് ടൈം സ്വീപ്പർ | 03-08-1990 | 03-08-1990 ൽ പാർട്ട് ടൈം സ്വീപ്പർ ആയും, 19-08-1998 ൽ ഫുൾ ടൈം സ്വീപ്പർ ആയും നിയമിക്കപ്പെട്ടു. ക്ലറിക്കൽ അസിസ്റ്റന്റ് ആയി, 30-11-2016 ൽ സർവീസിൽ നിന്നും വിരമിച്ചു |
| 9 | മുഹമ്മദ്.സി | പാർട്ട് ടൈം സ്വീപ്പർ | 03-10-1991 | 03-10-1991 ൽ പാർട്ട് ടൈം സ്വീപ്പർ ആയും, 18-05-1998 ൽ ഡ്രൈവർ ആയും നിയമിക്കപ്പെട്ടു .നിലവിൽ ഡ്രൈവറായി ജോലി തുടരുന്നു |
| 10 | അപ്പി.ടി.പി | പാർട്ട് ടൈം സ്വീപ്പർ | 01-10-1991 | 01-10-1991 ൽ പാർട്ട് ടൈം സ്വീപ്പർ ആയും, 02-01-1999 ൽ ഫുൾ ടൈം സ്വീപ്പർ ആയും നിയമിക്കപ്പെട്ടു.നിലവിൽ ക്ലറിക്കൽ അസിസ്റ്റന്റ് ആയി, ജോലി തുടരുന്നു. |
| 11 | മൊയ്തീൻകുട്ടി.പി | പാർട്ട് ടൈം സ്വീപ്പർ | 09-06-1992 | 09-06-1992 ൽ പാർട്ട് ടൈം സ്വീപ്പർ ആയും 14-09-1999 ൽ ഫുൾ ടൈം സ്വീപ്പർ ആയും നിയമിക്കപ്പെട്ടു ഷിഫ്റ്റ് ഓപ്പറേറ്ററായി 30-11-2017 ൽ സർവീസിൽ നിന്നും വിരമിച്ചു |

PTO

| | | | | |
|---|---|---|---|---|
| 17 | ബാലൻ.പി | വാച്ച്മാൻ | 01-08-1990 | ഹെൽപ്പർ ആയി 31-07-2005 ൽ സർവീസിൽ നിന്നും വിരമിച്ചു. |
| 18 | സുരേന്ദ്രൻ.എം | വാച്ച്മാൻ | 03-08-1990 | ഹെൽപ്പർ ആയി 31-05-2010 ൽ സർവീസിൽ നിന്നും വിരമിച്ചു. |
| 19 | ശ്രീരാമൻ.ടി | വാച്ച്മാൻ | 01-08-1990 | ഹെൽപ്പർ ആയി 30-06-2009 ൽ സർവീസിൽ നിന്നും വിരമിച്ചു. |
| 20 | ദാലിഷ് തളത്തിൽ.ടി | ഓഫീസ് അറ്റൻഡന്റ് | 21-02-2018 | ഓഫീസ് അറ്റൻഡന്റ് ആയി, ജോലി തുടരുന്നു. |
| 21 | നിഷ.കെ.കെ | ഓഫീസ് അറ്റൻഡന്റ് | 23-02-2018 | ഓഫീസ് അറ്റൻഡന്റ് ആയി, ജോലി തുടരുന്നു |

Sd/-
സെക്ഷൻ ഓഫീസർ

## അനുബന്ധം II

27/07/1983- ലെ സ.ഉ.(സാധാ)നം.899/83/LBR പ്രകാരം ഭൂമി നഷ്ടപ്പെട്ടവർക്കും അവരുടെ ആശ്രിതർക്കും ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിലെ Helper, Driver, Sweeper/Cleaner, Watchman, Assistant, Typist, Stenographer തുടങ്ങി 8 തസ്തികകളിലേക്ക് ഒരു കുടുംബത്തിൽ നിന്ന് ഒരാൾ വീതം എന്ന നിലയ്ക്ക് ജോലിക്ക് പരിഗണന കൊടുക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് പാലിക്കുന്നതിനായി ജോലി ലഭിക്കാൻ അർഹതയുള്ളവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പെട്ടെന്ന് ജോലി ലഭ്യമാക്കാൻ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിയ്ക്കാൻ ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ, ജില്ലാകളക്ടർ കോഴിക്കോട്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവരോട് ആവശ്യപ്പെട്ടിരുന്നു.

2. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റിൽ നിന്ന് കൂടിക്കാഴ്ച നടത്തിയാണ് നിയമനം നടത്തുന്നതെന്ന് കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ അറിയിച്ചിട്ടുണ്ട്.

3. 27/07/1983 ലെ സ.ഉ.(സാധാ)നം.899/83/LBR ലെ സർക്കാർ വാഗ്ദാനം പാലിക്കുന്നതിനായി സമഗ്രമായ വിശദാംശങ്ങൾ അടങ്ങിയ ശുപാർശ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയോടും, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടറിനോടും ആവശ്യപ്പെടുകയും ജലവിഭവ വികസന വിനിയോഗ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4. പ്രസ്തുത റിപ്പോർട്ട് പ്രകാരം 27/07/1983- ലെ സ.ഉ.(സാധാ)നം.899/83/LBR പ്രകാരം ഭൂമി നഷ്ടപ്പെട്ടവർക്കും അവരുടെ ആശ്രിതർക്കും (വിധവ/വിഭാര്യൻ, മകൻ/മകൾ,സഹോദരൻ/ സഹോദരി), CWRDM- ലെ .Helper, Driver, Sweeper,Cleaner, Watchman, Assistant, Typist, Stenographer എന്നീ 8 തസ്തികകളിലേക്ക് ഒരു കുടുംബത്തിൽ നിന്ന് ഒരാൾ വീതം എന്ന നിലയ്ക്ക് ജോലിക്ക് പരിഗണന കൊടുക്കേണ്ടതാണ്. സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ 7 5 ഏക്കർ സ്ഥലം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോടിനും, 10 ഏക്കർ സ്ഥലം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിനും, 2 ഏക്കർ സ്ഥലം Centre of Excellence of the SC/ST Department നും നൽകിയിട്ടുണ്ടെന്നും, 70 ഏക്കർ സ്ഥലം മാത്രമാണ് ഇനി സി.ഡബ്ല്യൂ.ആർ.ഡി.എം. ന്റെ കൈവശം ഉള്ളതെന്നും ആയതിനാൽ, 27/07/1983-ലെ സർക്കാർ ഉത്തരവ് (സാധാ)നം.899/83/LBR പ്രകാരം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട

ബാധ്യത പൂർണ്ണമായും സി.ഡബ്ല്യൂ.ആർ.ഡി.എം.ൽ നിക്ഷിപ്തമാക്കിയത് ന്യായീകരിക്കത്തക്കതല്ലെന്നും, പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യണമെന്നും രജിസ്ട്രാർ സി.ഡബ്ല്യൂ.ആർ.ഡി.എം. ആവശ്യപ്പെട്ടിട്ടുണ്ട്.

5. 27/07/1983- ലെ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകുകയും, ഈ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ Employment Exchange-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ നിന്ന് ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം നടത്തുകയുമാണ് ചെയ്തുവരുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം സി.ഡബ്ല്യൂ.ആർ.ഡി.എം.ൽ ഇതുവരെ 2 1 പേർക്ക് ജോലി നൽകിയിട്ടുണ്ട്. നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുന്ന പട്ടികയിൽ, 27/07/1983 ഉത്തരവ് പ്രകാരം അർഹരായ ഭൂമി വിട്ടു നൽകിയ ആൾക്കാർ/ആൾക്കാരുടെ ആശ്രിതവിഭാഗത്തിൽപെട്ടവർ ഇല്ലാത്ത സാഹചര്യത്തിൽ മറ്റ് വിഭാഗങ്ങളെ നിയമനത്തിനായി പരിഗണിച്ചിട്ടുണ്ട്. ഒഴിവുകൾ വരുന്ന മുറയ്ക്ക് സി.ഡബ്ല്യൂ.ആർ.ഡി.എം. ആവശ്യപ്പെടുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകുന്ന ലിസ്റ്റിൽ നിന്ന് മാത്രമേ ഇനി നിയമനം നൽകേണ്ടവരുടെ പേരുവിവരങ്ങൾ ലഭ്യമാകുകയുള്ളൂ. ശ്രീ.മോതി (ആശ്രിതൻ)യുടെ പ്രായപരിധി കഴിഞ്ഞതാണ്. അദ്ദേഹത്തിന്റെ മകന് ജോലി നൽകുവാനാണ് അപേക്ഷ നൽകിയിരിക്കുന്നത്. 27/07/1983-ലെ സർക്കാർ ഉത്തരവ് (സാധാ)നം.899/83/LBR പ്രകാരം ആശ്രിതരുടെ മക്കൾ നിയമനത്തിന് അർഹരല്ല. ശ്രീമതി ജമീല പ്രായപരിധികഴിഞ്ഞ വ്യക്തിയാണ്. ആയതിനാൽ ടിയാൾ ആശ്രിത നിയമനത്തിന് അർഹയല്ല.

6. ആശ്രിതർക്ക് നിയമനം നൽകുന്നതിനായി വയസ്സിളവ് നൽകുന്ന കാര്യം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനമായിട്ടുണ്ട്. നിയമനത്തിനായുള്ള പ്രായപരിധികഴിഞ്ഞതിനാൽ ശ്രീമതി ജമീല, ശ്രീ.മോതി എന്നിവരുടെ അപേക്ഷയും ആശ്രിതനല്ലാത്തതിനാൽ ശ്രീ.സാദിഖലിയുടെ അപേക്ഷയും പരിഗണിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

Sd/-
സെക്ഷൻ ഓഫീസർ